# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 140

11.02.2013 ൽ മറുപടിയ്ക്ക്

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ് | **ശ്രീ. മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം ഭേദഗതികൾ; ഇതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്; | (എ) ഉണ്ട്. എഫ്.എ.ആർ, കവറേജ്, പെർമിറ്റ് പുതുക്കുന്നതിനുള്ള കാലാവധി, അക്സസ്, കെട്ടിടത്തിന്റെ ഉയരം, ജലമാർഗ്ഗം, വൻകിട വികസന പദ്ധതികൾ തുടങ്ങിയ കാര്യങ്ങളിലാണ് ഭേദഗതികൾ വരുത്തിയിട്ടുള്ളത്. 2009 ലും 2010 ലും കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ മൂലം വ്യവസ്ഥകൾ കൂടുതൽ കർക്കശ മാവുകയും ആയത് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുകയും ചെയ്തു. ഈ മേഖലയിലെ നിക്ഷേപം കുറയുകയും ഫ്ളാറ്റുകളുടെയും വീടുകളുടെയും നിർമ്മാണത്തിൽ ഗണ്യമായ കുറവു വരുകയും ചെയ്തു. ഫ്ളാറ്റുകളുടെ നിർമ്മാണത്തിൽ കുറവു വന്നതു മൂലം കൂട്ടായ രീതിയിലുള്ള ജനവാസം കുറയുകയും വില്ലകളുടെ നിർമ്മാണത്തിനും മറ്റും സംസ്ഥാനത്തൊട്ടാകെ കൂടുതൽ ഭൂമിയുടെ ഉപയോഗത്തിന് അത് കാരണമാവുകയും ചെയ്തു. പ്രകൃതിദത്തമായ നിരവധി കുന്നുകൾ അനധികൃതമായി നിരത്താനും കുളങ്ങളും, വയലുകളും നികത്താനും ഇത് കാരണമായിട്ടുണ്ട്. കൂടാതെ നിരവധി ജലസ്രോതസ്സുകളും കൃഷി ഭൂമിയും ഇല്ലാതായി. ഇത്തരമൊരു സാഹചര്യ ത്തിലാണ് കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിച്ചത്. |

(ബി) നിലവിലുള്ള ചട്ടങ്ങൾക്കെതിരെ പരാതികൾ ലഭിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത പരാതികൾ എന്തായിരുന്നു ;

(ബി) ലഭിച്ചിരുന്നു. കെട്ടിടത്തിന്റെ ഉയരം, ചട്ടങ്ങളുടെ ആപ്ലിക്കബിലിറ്റി, ആരാധനാലയങ്ങൾ പണിയുന്നതിനുള്ള പ്രത്യേക അനുവാദം, താരതമ്യേന വലിയ തോതിലുള്ള മണ്ണുമാറ്റൽ നടത്തുമ്പോൾ അവലംബിക്കേണ്ടതായ നടപടിക്രമങ്ങൾ, പെർമിറ്റ് നൽകുന്നതിനുള്ള സമയപരിധി, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, 10 മീറ്ററിലധികം ഉയരമുള്ള കെട്ടിടങ്ങൾക്ക് നൽകേണ്ട അധിക സെറ്റ്ബാക്ക്, റോഡിന്റെ മധ്യരേഖയിൽ നിന്നും കെട്ടിടങ്ങൾ പാലിക്കേണ്ട അകലം, പ്ലോട്ട് സബ്ഡിവിഷൻ ലേ-ഔട്ട്, എഫ്. എ. ആർ, കവറേജ്, കെട്ടിടത്തിന്റെ ഉയരം, കെട്ടിടത്തിലേയ്ക്കുള്ള വഴിയുടെ വീതി, വാഹന പാർക്കിംഗ്, ഡിസേബിൾഡിനായുള്ള പ്രത്യേക സൗകര്യങ്ങൾ, ഫയർ എസ്കേപ്പ് സ്റ്റെയർകേസ്, ഗാർഹിക അപ്പാർട്ട്മെന്റുകൾക്കുള്ള റിക്രിയേഷണൽ സ്പെയ്സ് , നഗരഗ്രാമാസൂത്രണ വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട അപ്രൂവലുകൾ, ഡോർവേ, സാനിട്ടേഷൻ സൗകര്യങ്ങൾ, വാണിജ്യ കെട്ടിടങ്ങൾക്ക് പാർശ്വങ്ങളിലുണ്ടായിരിക്കേണ്ട യാർഡ്, ഫയർ എൻ. എ. സി. ചെറിയ പ്ലോട്ടുകളിലെ നിർമ്മാണം, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്, ഹൈറൈസ് കെട്ടിടങ്ങളുടെ നിർവ്വചനവും, അവയ്ക്കുണ്ടായിരിക്കേണ്ട വഴിയും ഓപ്പൺ സ്പേയ്സും, ലൈസൻസികളുടെ രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങളിലാണ് പരാതികൾ ലഭിച്ചിട്ടുള്ളത്.

(സി) ഭേദഗതിയുടെ ഭാഗമായി പിഴ ചുമത്തി അനധികൃത നിർമ്മാണത്തിനു സാധൂകരണം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നയത്തിനുള്ള കാരണം എന്താണെന്ന് അറിയിക്കാമോ ?

(സി) യും (ഡി) യും ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങളിൽ ഇത്തരമൊരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം പ്രത്യേകം പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ